# കവിയൂർ ഗ്രാമപഞ്ചായത്ത്

# 2026 – 27 വാർഷിക ബഡ്ജറ്റ് (കരട്)








“എന്റെ ജീവിതമാണ്
എന്റെ സന്ദേശം”

# ഇന്ത്യൻ ഭരണഘടന

## ആമുഖം

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ,
ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,
മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി
സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ
എല്ലാ പൗരർക്കും സാമൂഹികവും സാമ്പത്തികവും
രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം,
വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള
സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ
എന്നിവയിലുള്ള സമത്വം എന്നിവ
ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും
രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും
ഉറപ്പുവരുത്തുന്ന സാഹോദര്യം എല്ലാവരിലും
വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട്
നമ്മുടെ ഭരണഘടനാസഭയിൽവെച്ച്,
1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം
ഈ ഭരണഘടനയെ അംഗീകരിക്കുകയും
നിയമമാക്കുകയും നമുക്കായിത്തന്നെ
സമർപ്പിക്കുകയും ചെയ്യുന്നു.

# കവിയൂർ ഗ്രാമപഞ്ചായത്ത്

## ഭരണസമിതി



ഗീത അപ്പുക്കുട്ടൻ
(പ്രസിഡന്റ്)



രാജേഷ് കുമാർ കെ.റ്റി.
(വൈസ് പ്രസിഡന്റ്)



സാം കെ. സലാം
(സെക്രട്ടറി)



സ്വപ്ന
അനീഷ്കുമാർ
(വികസനകാര്യ
സ്റ്റാന്റിംഗ് കമ്മറ്റി
ചെയർപേഴ്സൺ)



ബീന സി. ജോൺ
(ആരോഗ്യ-
വിദ്യാഭ്യാസ
സ്റ്റാ. കമ്മറ്റി
ചെയർപേഴ്സൺ)



മണിരാജ് പുന്നിലം
(ക്ഷേമകാര്യ
സ്റ്റാന്റിംഗ് കമ്മറ്റി
ചെയർമാൻ)



റെയ്ച്ചൽ വി. മാത്യു
(മെമ്പർ, വാർഡ്-1)



വർഗീസ് പി.
ഹാനോക്ക്
(മെമ്പർ, വാർഡ്-2)



സി.ജി. ഫിലിപ്പ്
(മെമ്പർ, വാർഡ്-5)



പ്രകാശ് എം.
(മെമ്പർ, വാർഡ്-7)



മനുജ കൃഷ്ണൻ
(മെമ്പർ, വാർഡ്-8)



എലിസബേത്ത് മാത്യു
(മെമ്പർ, വാർഡ്-9)



മറിയക്കുട്ടി കെ.സി.
(മെമ്പർ, വാർഡ്-10)



ആശ ദേവസ്യ
(മെമ്പർ, വാർഡ്-11)



സി.എൻ.ബാബുരാജ്
(മെമ്പർ, വാർഡ്-13)

# ആമുഖം

ബഹുമാന്യരേ,

2025 ഡിസംബർ മാസത്തിൽ അധികാരമേറ്റിട്ടുള്ള കവിയൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ ആദ്യ ബജറ്റാണ് ഇന്ന് ഇവിടെ അവതരിപ്പിക്കുന്നത്. അതോടൊപ്പം പ്രാദേശിക ഭരണകൂടവും പൊതുജനങ്ങളും തമ്മിലുള്ള ബന്ധത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ദീർഘവീക്ഷണത്തോടെ ബഹു: കേരള സർക്കാർ നടപ്പിലാക്കിയ കെ-സ്മാർട്ട് എന്ന സോഫ്റ്റ് വെയർ വഴിയുള്ള ആദ്യസമ്പൂർണ്ണ ബജറ്റും കൂടിയാണെന്നുള്ള പ്രത്യേകത കൂടി ഇന്നത്തെ ബജറ്റിനുണ്ട്.

നമ്മുടെ ഭരണസമിതിയെ സംബന്ധിച്ചിടത്തോളം 2026 - 27 സാമ്പത്തിക വർഷം വികസന കാര്യത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. ജനപങ്കാളിത്ത ത്തോടെയുള്ള ക്രിയാത്മകവും ഭാവനാപൂർണ്ണവും ദീർഘ വീക്ഷണത്തോടു കൂടിയുള്ളതുമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനും നടപ്പിലാക്കുവാനും നമുക്ക് കഴിയേണ്ടതുണ്ട്. വ്യക്തമായ കാഴ്ച്ചപ്പാടും ലക്ഷ്യവും സമയക്രമവും അതിനായി ആവശ്യമാണ്. അതോടൊപ്പം അശ്രാന്തമായ നമ്മുടെ പരിശ്രമം കൂടി ചേരുമ്പോൾ വിജയം സുനിശ്ചിതമായും കടന്നുവരും.കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 165-ാം വകുപ്പ് പ്രകാരമുള്ള മൂന്നാം പട്ടികയിലെ 27 അനിവാര്യ ചുമതലകളും അതോടൊപ്പം പൊതുചുമതലകളും പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുണ്ട്.

ഇത് പ്രകാരമുള്ള ചുമതലകൾ നിറവേറ്റുന്നതിനുള്ള പ്രധാന വിഭവ സ്രോതസ്സ് വികസന ഫണ്ടാണെന്ന് നമുക്കെല്ലാമറിവുള്ളതാണ്. നമ്മുടെ തനത് ഫണ്ടിന്റെ നല്ലൊരു ഭാഗം കൂടി ഇതിന് ചിലവഴിക്കേണ്ടി വരുന്നു. ലഭ്യമായ ധനസ്രോതസ്സുകളെക്കുറിച്ച് ബജറ്റ് അവതരണത്തിൽ പ്രതിപാദിക്കുന്നതാണ്. വികസനകാര്യത്തിൽ ഇന്ത്യയിലെ ഒന്നാമത്തെ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ, ഭൂരഹിത-ഭവന രഹിതരായവരെ സംരക്ഷിക്കുന്നതിനുള്ള ലൈഫ് ഭവനപദ്ധതി, തുടങ്ങി വിവിധ മിഷനുകളുമായി ബന്ധപ്പെട്ട പ്രവർത്തന ങ്ങൾക്ക് ഈ ധനസ്രോതസ്സിൽ നിന്നു തന്നെ ഗണ്യമായ തുക മാറ്റി വെക്കേണ്ടി വരുന്നു. അപ്രകാരം തുക മാറ്റിവക്കുമ്പോൾ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് ലഭ്യതക്കുറവുണ്ടാകുന്നുണ്ടെന്ന കാര്യവും ശ്രദ്ധയിൽ പ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഇനിയുള്ള വികസനം എന്തെല്ലാമായിരിക്കണമെന്ന് അപഗ്രഥിച്ച് അവതരണം ചെയ്യുന്നതിനാവശ്യമായ പദ്ധതികൾക്ക് 2026-27ലെ വാർഷിക പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ട്. അതിനാവശ്യമായ വിഭവസമാഹരണംകൂടി ലക്ഷ്യമിട്ടാണ് 2026-27-ലെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. സാമൂഹിക-സാംസ്കാരിക-സാമ്പത്തിക- ആരോഗ്യ വിദ്യാഭ്യാസ-കാർഷിക മേഖലകളുടെയും ശിശു, വനിത, വയോജനങ്ങൾ,

ഭിന്നശേഷിക്കാർ തുടങ്ങി സർവ്വതല സ്പർശികളായ എല്ലാ മേഖലകളുടെയും വികസനം ലക്ഷ്യമാക്കി യാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായിട്ടുള്ള ബജറ്റാണ് ഇത്. ബജറ്റ് വർഷം തന്നെ പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ മുന്നൊരുക്കങ്ങൾക്കും തയ്യാറാകേണ്ട തുണ്ട്. ആയതിനാൽ സാമ്പത്തിക വർഷത്തെ പദ്ധതികൾ സമയബന്ധി തമായി പൂർത്തീകരിച്ച് ജനങ്ങളുടെ ആവശ്യവും വിശ്വാസവും നിറവേറ്റു ന്നതിന് ജനപ്രതിനിധികളും നിർവ്വഹണ ഉദ്യോഗസ്ഥരും അത് ആത്മാർത്ഥ മായി പ്രയത്നിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.ബജറ്റിന്റെ അനുബന്ധ പ്രവർ ത്തനങ്ങൾക്കും ഫലപ്രാപ്തിയോടുള്ള നടത്തിപ്പിനും എല്ലാ ജനപ്രതിനിധി കളുടെയും ഉദ്യോഗസ്ഥരുടെയും എല്ലാ വിഭാഗം ജനങ്ങളുടെയും സഹക രണം അഭ്യർത്ഥിക്കുന്നു.

എന്ന്,

ഗീത അപ്പുക്കുട്ടൻ
പ്രസിഡന്റ്
കവിയൂർ ഗ്രാമപഞ്ചായത്ത്

# കവിയൂർ ഗ്രാമപഞ്ചായത്ത്

## കരട് ബജറ്റ് 2026-27

## ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്റെ ബജറ്റ് പ്രസംഗം

കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തിലെ ബജറ്റ് കേരള പഞ്ചായത്തിരാജ് ആക്ട് സെക്ഷൻ 214ഉം 2008 ലെ കേരള പഞ്ചായത്ത് രാജ് ബഡ്ജറ്റ് നിർമ്മാണ ചട്ടങ്ങളും പ്രകാരം ഈ കമ്മിറ്റി മുമ്പാകെ ഞാൻ അവതരിപ്പിക്കുകയാണ്. ഈ ഭരണസമിതിയുടെ ആദ്യ ബഡ്ജറ്റാണിത്. മുൻ വർഷങ്ങളിൽ തോളോടു ചേർന്ന് നിന്നുകൊണ്ട് നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളായ എല്ലാ മാന്യ വ്യക്തികളെയും ഈ വേളയിൽ നന്ദിയോടെ സ്മരിക്കുന്നു.

പൊതുപണം കൈകാര്യം ചെയ്യുന്നവർ അടുത്ത വർഷം തങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ വിഭവങ്ങൾ എങ്ങനെ എത്രമാത്രം സമാഹരിക്കുമെന്നും അവ എങ്ങനെ വിനിയോഗിക്കുമെന്നും വർഷാരംഭത്തിന് മുൻപെ പ്രഖ്യാപിക്കുന്ന സാമ്പത്തിക പ്ലാനാണ് ബഡ്ജറ്റ്. ഏതൊരു ഭരണ സമിതിയെ പ്പോലെയും അടുത്ത വർഷത്തേക്കുള്ള പഞ്ചായത്തിന്റെ നയപ്രഖ്യാപന രീതി കൂടിയാണ് ഈ ബഡ്ജറ്റ്.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനങ്ങൾ വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, കെട്ടിട നിർമ്മാണ അനുമതി തുടങ്ങിയ ഇനങ്ങളിൽ ലഭിക്കുന്നതാണ്. ഇത് കൂടാതെ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വേണ്ടി സർക്കാർ അനുവദിക്കുന്ന ജനറൽ പർപ്പസ് ഫണ്ടും നമ്മുടെ വരുമാനമാണ്. പദ്ധതി ചെലവുകൾക്കായി ജനറൽ, എസ്.സി.പി, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ഹെൽത്ത് ഗ്രാന്റ്, മെയിന്റനൻസ് ഫണ്ടുകളായ റോഡ്, നോൺ റോഡ് ഫണ്ടുകളും ലഭിക്കുന്നു. ഇത് കൂടാതെ വിവിധ സർക്കാർ മിഷനുകളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടും, ലൈഫ് ഭവന പദ്ധതിയായി സർക്കാർ നൽകുന്ന ഫണ്ടും KURDFC ലോണും ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുകയും ബജറ്റിൽ വകയിരിത്തിയിട്ടുണ്ട്.

മുൻബാക്കി ഉൾപ്പടെ 2026-27 ലെ വരവിനത്തിൽ ഏകദേശം 24 കോടി രൂപ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഭരണഘടനാസ്ഥാപനമായ പഞ്ചായ ത്തിന്റെ അനിവാര്യ ചുമതലകൾക്ക് തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ജീവനക്കാ രുടെ ശമ്പളം, യാത്രാനുകൂല്യങ്ങൾ, മറ്റാനുകൂല്യങ്ങൾ, ജനപ്രതിനിധികളുടെ ഹോണറേറിയം, സിറ്റിംഗ് ഫീസ്, യാത്രാബത്ത എന്നിവ ഉൾപ്പടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായും പഞ്ചായത്ത് ഓഫീസ്, വിട്ടുകിട്ടിയ സ്ഥാപനങ്ങൾ എന്നിവയുടെ ഭരണചെലവുകൾ, അടി യന്തരചെലവുകൾ എന്നിവയ്ക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെയും ഹൈമാസ്റ്റ് ലൈറ്റുകളും വൈദ്യുതി ചാർജ്ജിനത്തിലും വാഹനങ്ങളുടെ ഇന്ധനം, മെയിന്റനൻസ് എന്നിവയുടെ ചെലവിനും മറ്റ് ആസ്തികളുടെ സംരക്ഷണത്തിനും ബജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്.

വസ്തു നികുതി, തൊഴിൽനികുതി, സേവന നികുതി എന്നീ ഇനങ്ങളിലായി 1,45,00,000 രൂപ വരവ് പ്രതീക്ഷിക്കുന്നു. നികുതിയേതര വരുമാനത്തിൽ വാടക, ലൈസൻസ്, പെർമിറ്റ് ഫീസ്, ജനന -മരണ - വിവാഹ രജിസ്ട്രേഷൻ ഫീസുകൾ, നിയമലംഘനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന് ചുമത്താവുന്ന പിഴകൾ എന്നിവ ഉൾപ്പെടെ 41,93,600 രൂപയും ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 1,46,58,000 രൂപയും വരവ് പ്രതീക്ഷിക്കുന്നു.

സംസ്ഥാന സർക്കാരിൽ നിന്നും വികസന ഫണ്ട് ,എസ്.സിപി, ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പടെ 3,60,69,000 രൂപയും മെയിന്റനൻസ് ഫണ്ട് ഇനത്തിൽ 1,77,90,000 രൂപയും വരവ് പ്രതീക്ഷിക്കുന്നു

സ്ത്രീ സുരക്ഷാ പദ്ധതി ഉൾപ്പടെയുള്ള ക്ഷേമ പദ്ധതികൾക്കായി 62,23,440 രൂപയും ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതികൾക്കായി 2,50,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്.

പദ്ധതി റവന്യൂ ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകളിൽ ഉത്പാദനമേഖലയിൽ നെൽകൃഷിവികസനം, ബയോഫാർമസി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യകൃഷി അടക്കമുള്ള പദ്ധതികൾക്കായി 1,01,20,500/- രൂപയും അങ്കണവാടികളുടേയും സ്കൂളുകളുടേയും അറ്റകുറ്റപ്പണികൾ,കുടിവെള്ള വിതരണത്തിനായി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, വനിതകൾക്ക് ജിംനേഷ്യം,ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്കുള്ള മരുന്നു വാങ്ങൽ ഉൾപ്പടെ സേവന മേഖലയിൽ ആകെ 2,19,07,210/- രൂപയും റോഡ് പുനരുദ്ധാരണം, പകൽ വീട് നിർമ്മാണം എന്നിവയുൾപ്പടെയുള്ള പശ്ചാത്തല മേഖലയിൽ 1,55,02,200/- രൂപയും വകയിരുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണ പൂർത്തീകരണത്തിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക 27,00,000 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. ആശ്രയ,ലൈഫ് ഭവന പദ്ധതി, പി.എം.എ.വൈ, പാലിയേറ്റീവ് കെയർ, അങ്കണവാടി പോഷകാഹാര വിതരണം തുടങ്ങിയ അനിവാര്യ പ്രോജക്റ്റുകൾക്കായി 3,33,16,800/-രൂപയും വകയിരുത്തി യിട്ടുണ്ട്.

എഫ് എച്ച് സി യുടെ പ്രവത്തനങ്ങൾ, പാലിയേറ്റീവ് കെയർ, ആയുർവേദ ആശുപത്രിയുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ, ഹോമിയോ ആശുപത്രി പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 42,50,000/- വകയിരുത്തുന്നു.

സ്പോർട്ട്സ്, യുവജനക്ഷേമ മേഖലയിൽ സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിക്കുന്നതിന് MP ഫണ്ടിൽ നിന്നും തുക പ്രതീക്ഷിക്കുന്നു.

മത്തിമല കുടിവെള്ള പദ്ധതിയ്ക്കായി സംസ്ഥാന ഗവൺമെന്റിൽ നിന്നും 3 കോടി രൂപ പ്രതീക്ഷിക്കുന്നു. മറ്റ് കുടിവെള്ള പദ്ധതികൾക്കായി

9,48,500/- രൂപയും മാലിന്യമുക്തം നവകേരളം -പാതയോരങ്ങളുടെ സൗന്ദര്യവത്കര ണവും ശുചീകരണം എന്ന പദ്ധതിക്കായി 2,00,000/- രൂപയും വകയിരുത്തുന്നു. എല്ലാ സൌകര്യങ്ങളോടും കൂടിയ MCF നിർമ്മാണ ത്തിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തി MCF നിർമ്മാണം പൂർത്തിയാ ക്കുവാൻ ഈ ഭരണസമിതിയ്ക്ക് സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

വയോജനക്ഷേമ പരിപാടികൾക്ക് 12,81,710/- രൂപ വകയിരുത്തുന്നു. ഇതിൽ വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ, വയോജന കലോത്സവം ,പകൽവീട് നിർമ്മാണം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവക്കായി 17,50,000/- രൂപ വകയിരുത്തിയിട്ടുണ്ട്.ഇതിൽ ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷി പ്പും ബത്തയും, ഭിന്നശേഷി കുട്ടികൾക്ക് കലോത്സവം എന്നിവ ഉൾപ്പെടുത്തി യിരി ക്കുന്നു.

അഗതിക്ഷേമ പരിപാടികൾക്ക് 13,65,000/- രൂപ വകയിരുത്തിയിരി ക്കുന്നു. അഗതി ആശ്രയ പദ്ധതി, അതിദരിദ്രർക്ക് ഭക്ഷണം, മരുന്ന് വാങ്ങൽ, യൂസർ ഫീ നൽകൽ എന്നിവ ഉൾപ്പെടുന്നു.

വനിതാ ക്ഷേമ പരിപാടികളിൽ വനിതാകൃഷിക്കൂട്ടങ്ങൾക്ക് വിത്തും കൂലിച്ചെലവും പദ്ധതി, വനികൾക്ക് സ്വയംതൊഴിൽ സഹായം നൽകൽ, കർഷക ഗ്രൂപ്പുകൾക്ക് ധനസഹായം, വനിതകൾക്ക് ജിംനേഷ്യം, പട്ടികജാതി വനിതകൾക്ക് ഓട്ടോറിക്ഷാ വിതരണം, വിവാഹ ധനസഹായം-പട്ടികജാതി, സൂതിക പരിചര്യ മാതൃവന്ദന, വനിതകൾക്ക് ഫുഡ് പ്രോസസിംഗ് /കാറ്ററിംഗ് യൂണിറ്റ് ധനസഹായം എന്നിവയ്ക്കായി 25,63,420/-രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനായി MP ഫണ്ട് 1 കോടി രൂപയും MLA ഫണ്ട് 1 കോടി രൂപയും പ്രതീക്ഷിക്കുന്നു.

കവിയൂർ പഞ്ചായത്തിന്റെ ഭാവി ഭാസുരമാക്കാനുള്ള യത്നത്തിൽ നമുക്ക് ഒരുമിച്ച് പങ്കാളികളാകാം. കവിയൂർ പഞ്ചായത്തിന്റെ ഇനിയുള്ള വികസന പ്രവർത്തനങ്ങൾക്കാവശ്യമായ പിൻബലം നൽകുന്നതിനായി 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്മേലുള്ള ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനുമായി ഈ ബഡ്ജറ്റ് പഞ്ചായത്ത് ഭരണസമിതി മുമ്പാകെ സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,

രാജേഷ് കുമാർ കെ.റ്റി.
വൈസ് പ്രസിഡന്റ്
കവിയൂർ ഗ്രാമപഞ്ചായത്ത്

# കവിയൂർ ഗ്രാമപഞ്ചായത്ത്

## 2026-27 ബജറ്റ് സംഗ്രഹം

| | |
|---|---|
| മുൻ ബാക്കി | 73,17,690 |
| പ്രതീക്ഷിത വരവ് | 23,97,19,000 |
| ആകെ പ്രതീക്ഷിത വരവ് | 24,70,36,690 |
| പ്രതീക്ഷിത ചെലവ് | 24,10,41,900 |
| പ്രതീക്ഷിത ബാലൻസ് | 59,94,790 |

# കവിയൂർ ഗ്രാമപഞ്ചായത്ത്
# കാര്യാലയം

# കവിയൂർ ഗ്രാമപഞ്ചായത്ത്

## 2026-27 സാമ്പത്തിക വർഷത്തെ

# കരട് ബജറ്റ്

(ധനകാര്യ സ്ഥിരം സമിതിയുടെ 03.03.2026 തീയതിയിലെ 1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചത്)

| Report: Form 1 | | | |
|---|---|---|---|
| **SN** | **HEAD OF ACCOUNTS** | **2025-2026** | **2026-2027** |
| | ഓപ്പണിങ് ബാലൻസ് | 17692787 | 7317690 |
| | വരുമാന രസീത് - 1 | | |
| | **നികുതി വരുമാനം - 110** | | |
| 1 | 1100101 വസ്തു നികുതി | 9000000 | 10000000 |
| 2 | 1100102 ചട്ടം 26 പ്രകാരമുള്ള സേവന ഉപനികുതി | 1500000 | 1600000 |
| 3 | 1101001 തൊഴിൽ നികുതി - ജീവനക്കാർ | 2300000 | 2100000 |
| 4 | 1101002 തൊഴിൽ നികുതി - വ്യാപാരികൾ/ സ്ഥാപനങ്ങൾ | 500000 | 800000 |
| | ആകെ നികുതി വരുമാനം | 13300000 | 14500000 |
| | **ഫീസും ഉപയോക്തൃ നിരക്കുകളും - 140** | | |
| 5 | 1401001 സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽസ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഫീ | 1000 | 2000 |
| 6 | 1401101 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീ | 200000 | 275000 |
| 7 | 1401105 വളർത്തു മൃഗങ്ങൾക്കുള്ള ലൈസൻസ് ഫീസ് | 0 | 3000 |
| 8 | 1401106 വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് | 0 | 2000 |
| 9 | 1401201 കെട്ടിട നിർമ്മാണത്തിനുള്ള ഫീസ് | 3000000 | 3000000 |
| 10 | 1401203 പെർമിറ്റ് അപേക്ഷാ ഫീസ് | 70000 | 70000 |
| 11 | 1401301 ജനന മരണ സർട്ടിഫിക്കറ്റുകൾക്കുള്ള ഫീസ് | 500 | 500 |

| | | | |
|---|---|---|---|
| 12 | 1401302 ജനന മരണം താമസിച്ചുള്ള രജിസ്ട്രേഷനുള്ള ഫീസ് | 0 | 100 |
| 13 | 1401304 വിവാഹ രജിസ്ട്രേഷനുള്ള ഫീസ് | 0 | 8000 |
| 14 | 1401305 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള ഫീസ് | 0 | 200 |
| 15 | 1401306 രജിസ്ട്രേഷനിലെ തിരുത്തലിനുള്ള ഫീസ് | 0 | 1000 |
| 16 | 1401399 മറ്റ് സർട്ടിഫിക്കറ്റുകൾക്കും പകർപ്പുകൾക്കുമുള്ള ഫീസുകൾ | 0 | 5000 |
| 17 | 1401601 വികസനത്തിനുള്ള ചാർജുകൾ | 35000 | 50000 |
| 18 | 1401701 ക്രമവൽക്കരണ ഫീസ് | 150000 | 150000 |
| 19 | 1401801 അപേക്ഷാ ഫീസ് | 6000 | 6000 |
| 20 | 1402001 പിഴപ്പലിശ | 85000 | 80000 |
| 21 | 1402003 മറ്റ് പിഴകളും ശിക്ഷകളും | 210000 | 50000 |
| 22 | 1402004 കോമ്പൗണ്ടിംഗ് ഫീ | 0 | 4000 |
| 23 | 1402005 മാലിന്യം വലിച്ചെറിയുന്നതിനുള്ള പിഴ | 0 | 70000 |
| 24 | 1404002 നോട്ടീസ് ഫീസ് | 0 | 5500 |
| 25 | 1404004 ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള ഫീസ് - പിഴ | 0 | 35000 |
| 26 | 1404009 തിരച്ചിൽ ഫീസ് | 200 | 300 |
| 27 | 1404099 മറ്റ് ഫീസുകൾ | 800000 | 200000 |
| 28 | 1405012 ശ്മശാന ഫീസുകൾ | 0 | 12000 |
| 29 | 1405013 വെള്ളക്കരം (തന്നാണ്ട്) | 2000 | 0 |
| 30 | 1407003 ഫണ്ട് ശേഖരണത്തിനുള്ള വിഹിതം (KCWWF) | 5000 | 10000 |
| 31 | 1408001 മറ്റ് ചാർജുകൾ | 0 | 2000 |

| | | | |
|---|---|---|---|
| | ആകെ ഫീസും ഉപയോക്തൃ നിരക്കുകളും | 4564700 | 4041600 |
| | **വിൽപ്പന, വാടക നിരക്കുകൾ - 150** | | |
| 32 | 1501099 മറ്റ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 25000 | 5000 |
| 33 | 1501102 ടെന്റർ ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 10000 | 10000 |
| 34 | 1501202 ആക്രി വിൽപ്പനയിൽ നിന്നുള്ള വരവ് | 20000 | 17000 |
| 35 | 1501203 കാലഹരണപ്പെട്ട ആസ്തികളുടെ ലേലത്തിൽ നിന്നുള്ള വരവ് | 120000 | 120000 |
| | ആകെ വിൽപ്പന, വാടക നിരക്കുകൾ | 175000 | 152000 |
| | **റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ - 160** | | |
| 36 | 1601010 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | 2834400 | 2834400 |
| 37 | 1601012 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - വിധവപെൻഷൻ | 11997500 | 12400000 |
| 38 | 1601013 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 422800 | 500000 |
| 39 | 1601014 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - ശാരീരിക മാനസിക ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 3729200 | 4000000 |
| 40 | 1601018 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - വാർദ്ധക്യകാല പെൻഷൻ | 31942500 | 32500000 |
| 41 | 1601023 ജനറൽ പർപ്പസ് ഫണ്ട് | 11786835 | 14658000 |
| 42 | 1601080 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - സ്ത്രീസുരക്ഷാ പദ്ധതി | 0 | 10000000 |
| | ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ | 62713235 | 76892400 |
| | **പലിശ വരുമാനം - 171** | | |

| | | | |
|---|---|---|---|
| 43 | 1711001 ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ | 75000 | 80000 |
| | ആകെ പലിശ വരുമാനം | 75000 | 80000 |
| | **മറ്റ് വരുമാനം - 180** | | |
| 44 | 1808099 പലവക വരവുകൾ | 300000 | 100000 |
| | ആകെ മറ്റ് വരുമാനം | 300000 | 100000 |
| | **മുൻ കാലയളവിലെ ഇനങ്ങൾ - 280** | | |
| 45 | 2801001 മുൻകാല വരവുകൾ | 100000 | 100000 |
| 46 | 2801002 മുൻകാല വരവുകൾ- ഉപയോഗിക്കാത്ത ഗ്രാന്റുകളും ഫണ്ടുകളും തിരികെ ലഭിച്ചവ | 200000 | 200000 |
| | ആകെ മുൻ കാലയളവിലെ ഇനങ്ങൾ | 300000 | 300000 |
| | **വാടക വരുമാനം - എൽബി പ്രോപ്പർട്ടീസ് - 130** | | |
| 47 | 1301003 ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നുള്ള വാടക | 650000 | 700000 |
| 48 | 1301005 കോൺഫറൻസ് ഹാളിൽ നിന്നുള്ള വാടക | 10000 | 10000 |
| | ആകെ വാടക വരുമാനം | 660000 | 710000 |
| | ആകെ വരുമാന രസീത് | 82087935 | 96776000 |
| | **മൂലധന രസീത് - 2** | | |
| | **ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവനകൾ - 320** | | |
| 49 | 3201004 ധനകാര്യ കമ്മിഷൻ ഗ്രാന്റ് - ഉപാധിയോടുകൂടിയത് | 1781000 | 4006500 |
| 50 | 3201005 ധനകാര്യ കമ്മിഷൻ ഗ്രാന്റ് - ഉപാധിരഹിതം | 2671000 | 2671500 |
| 51 | 3201044 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 0 | 25000000 |

| | | | |
|---|---|---|---|
| 52 | 3201050 പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാന്റുകളും വിഹിതങ്ങളും - കേന്ദ്രസർക്കാർ | 6800000 | 19480000 |
| 53 | 3202001 വികസനഫണ്ട് - ജനറൽ | 12525000 | 21284000 |
| 54 | 3202002 വികസനഫണ്ട് - പ്രത്യേക ഘടക പദ്ധതി | 7115000 | 8107000 |
| 55 | 3202009 മെയിന്റനൻസ് ഫണ്ട് - റോഡ് | 15771558 | 10354000 |
| 56 | 3202010 മെയിന്റനൻസ് ഫണ്ട് - റോഡിതരം | 8410200 | 7436000 |
| 57 | 3202021 പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും- സംസ്ഥാനാവിഷ്കൃത പദ്ധതികളും വികസന ഫണ്ടും ഒഴികെ - ലൈഫ് മിഷൻ | 0 | 1800000 |
| 58 | 3207002 മറ്റ് ഫണ്ടുകളിൽ നിന്നുള്ള വിഹിതം | 6300000 | 18930000 |
| 59 | 3209001 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ജില്ലാപഞ്ചായത്തിൽ നിന്ന് | 8920000 | 9812000 |
| 60 | 3209002 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് | 7870000 | 8657000 |
| | ആകെ ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവനകൾ | 78163758 | 137538000 |
| | **സുരക്ഷിത വായ്പകൾ - 330** | | |
| 61 | 3305004 ഹഡ്കോയിൽ നിന്നുള്ള വായ്പകൾ | 0 | 2500000 |
| | ആകെ സുരക്ഷിത വായ്പകൾ | 0 | 2500000 |
| | ലഭിച്ച നിക്ഷേപങ്ങൾ - 340 | | |
| 62 | 3402006 ഇലക്ഷൻ നിക്ഷേപം (സ്ഥാനാർത്ഥി) | 0 | 80000 |
| 63 | 3408099 മറ്റ് നിക്ഷേപങ്ങൾ സ്വീകരിച്ചത് | 0 | 25000 |
| | ആകെ ലഭിച്ച നിക്ഷേപങ്ങൾ | 0 | 105000 |
| | **മറ്റ് ബാധ്യതകൾ - 350** | | |

| | | | |
|---|---|---|---|
| 64 | 3503001 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – ലൈബ്രറി സെസ് | 0 | 500000 |
| | ആകെ മറ്റ് ബാധ്യതകൾ | 0 | 500000 |
| | **റിഡെംപ്ഷൻ - 431** | | |
| 65 | 4315002 സർക്കാരിൽ നിന്നും കിട്ടുന്നത് (റിഡംപ്ഷൻ എമൗണ്ട്) | 2651922 | 0 |
| | ആകെ റിഡെംപ്ഷൻ | 2651922 | 0 |
| | വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ - 460 | | |
| 66 | 4601001 ജീവനക്കാർക്കുള്ള ഉത്സവ മുൻകൂറുകൾ | 105000 | 300000 |
| 67 | 4605005 മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | 20000000 | 2000000 |
| | ആകെ വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ | 20105000 | 2300000 |
| | ആകെ മൂലധന രസീത് | 100920680 | 142943000 |
| | **റവന്യൂ ചെലവ് - 3** | | |
| | **സ്ഥാപന ചെലവുകൾ - 210** | | |
| 68 | 2101001 ശമ്പളം - സെക്രട്ടറി | 950000 | 2000000 |
| 69 | 2101003 ശമ്പളം - സ്ഥിരം ജീവനക്കാർ | 8500000 | 12000000 |
| 70 | 2101004 ശമ്പളം - കരാർ ജീവനക്കാർ | 2500000 | 3000000 |
| 71 | 2101007 ശമ്പളം - പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ | 220000 | 300000 |
| 72 | 2101101 വേതനം | 810000 | 1500000 |
| 73 | 2101201 ബോണസ് | 50000 | 100000 |
| 74 | 2101401 മാനവേതനം | 210000 | 400000 |

| | | | |
|---|---|---|---|
| 75 | 2102001 യാത്രാബത്തകൾ - സെക്രട്ടറി | 40000 | 50000 |
| 76 | 2102003 യാത്രാബത്തകൾ - സ്ഥിരജീവനക്കാർ | 210000 | 250000 |
| 77 | 2102004 യാത്രാബത്തകൾ - താൽക്കാലിക ജിവനക്കാർ | 50000 | 60000 |
| 78 | 2102014 മാനവേതനവും ഹാജർ ബത്തയും - കൗൺസിലർമാർ/ അംഗങ്ങൾ | 2050000 | 3000000 |
| 79 | 2102016 മറ്റ് അലവൻസുകളും ബത്തകളും | 300000 | 3000000 |
| 80 | 2102019 അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, സ്ഥിരം സമിതി അദ്ധ്യക്ഷർ, കൗൺസിലർമാർ/ അംഗങ്ങൾ എന്നിവരുടെ യാത്രാചെലവുകൾ | 50000 | 80000 |
| 81 | 2103006 എൻപിഎസ് ലേക്കുള്ള എംപ്ലോയറുടെ വിഹിതം - റെഗുലർ ജീവനക്കാർ | 0 | 1000000 |
| 82 | 2103007 പെൻഷൻ കോൺട്രിവ്യൂഷൻ | 500000 | 1000000 |
| 83 | 2104001 ടെർമിനൽ ലീവ് സറണ്ടർ | 100000 | 1000000 |
| 84 | 2105099 മറ്റ് എസ്റ്റാബ്ളിഷ്മെന്റ് ചിലവുകൾ | 0 | 20000 |
| | **ആകെ സ്ഥാപന ചെലവുകൾ** | 16540000 | 28760000 |
| | **ഭരണപരമായ ചെലവുകൾ - 220** | | |
| 85 | 2201001 കെട്ടിടങ്ങളുടെ വാടക | 85000 | 90000 |
| 86 | 2201003 മറ്റ് നികുതികൾ | 10000 | 10000 |
| 87 | 2201101 ആഫീസിലെ വൈദ്യുതി ചെലവുകൾ | 50000 | 100000 |
| 88 | 2201201 ടെലഫോൺ ചെലവുകൾ/ ഇന്റർനെറ്റ് ചാർജുകൾ | 200000 | 200000 |
| 89 | 2202001 പുസ്തകങ്ങളും ആനുകാലികങ്ങളും | 40000 | 40000 |
| 90 | 2202101 അച്ചടിയും സ്റ്റേഷനറികളും | 200000 | 200000 |
| 91 | 2204001 ഇൻഷുറൻസ് | 25000 | 30000 |

| | | | |
|---|---|---|---|
| 92 | 2205101 പലവക നിയമപരമായ ചെലവുകൾ | 100000 | 100000 |
| 93 | 2205201 വിദഗ്ദ്ധർക്കും മറ്റുമുള്ള ഫീസ് | 10000 | 12000 |
| 94 | 2206001 പത്രപ്പരസ്യത്തിനുള്ള ചെലവുകൾ | 50000 | 50000 |
| 95 | 2206099 മറ്റ് പരസ്യങ്ങൾക്കും പ്രചരണങ്ങൾക്കുമുള്ള ചാർജുകൾ | 100000 | 100000 |
| 96 | 2206101 അംഗത്വവും വരിസംഖ്യയും | 10000 | 15000 |
| 97 | 2208099 മറ്റ് ഭരണനിർവ്വഹണ ചെലവുകൾ | 1000000 | 1000000 |
| 98 | 2302001 വെള്ളത്തിന്റെ ചാർജുകൾ - സ്ട്രീറ്റ് ടാപ്പ് | 500000 | 500000 |
| | ആകെ ഭരണപരമായ ചെലവുകൾ | 2380000 | 2447000 |
| | **പ്രവർത്തനവും പരിപാലനവും - 230** | | |
| 99 | 2301001 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജുകൾ | 1100000 | 1100000 |
| 100 | 2301002 ഇന്ധനചെലവുകൾ | 300000 | 300000 |
| 101 | 2301003 തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മറ്റ് കെട്ടിടങ്ങളുടെ വൈദ്യുതി ചാർജ് | 100000 | 100000 |
| 102 | 2304001 വാഹനങ്ങളുടെ വാടക | 25000 | 25000 |
| 103 | 2304099 മറ്റ് വാടകകൾ | 20000 | 20000 |
| 104 | 2305301 സംരക്ഷണവും പരിപാലനവും - വാഹനങ്ങൾ | 150000 | 150000 |
| 105 | 2305902 സംരക്ഷണവും പരിപാലനവും - ഓഫീസ് ഉപകരണങ്ങൾ | 20000 | 25000 |
| 106 | 2305909 സംരക്ഷണവും പരിപാലനവും - മറ്റുള്ളവ | 5000 | 5000 |
| 107 | 2308010 അസാധാരണ ചെലവുകൾ | 0 | 80000 |
| 108 | 2308013 ശുചിത്വ ചെലവുകൾ | 300000 | 300000 |

| | | | |
|---|---|---|---|
| | ആകെ പ്രവർത്തനവും പരിപാലനവും | 2020000 | 2105000 |
| | പലിശയും ധനകാര്യ നിരക്കുകളും - 240 | | |
| 109 | 2407001 ബാങ്ക് ചാർജുകൾ | 3000 | 3000 |
| | ആകെ പലിശയും ധനകാര്യ നിരക്കുകളും | 3000 | 3000 |
| | **പ്രോഗ്രാം ചെലവുകൾ - 250** | | |
| 110 | 2501001 ഇലക്ഷൻ ചെലവുകൾ | 150000 | 25000 |
| 111 | 2502001 ദാരിദ്ര്യനിവാരണ പദ്ധതിയിന്മേലുള്ള ചെലവുകൾ | 20000000 | 25000000 |
| | ആകെ പ്രോഗ്രാം ചെലവുകൾ | 20150000 | 25025000 |
| | ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ - 251 | | |
| 112 | 2510101 കൃഷി - നെല്ല് | 2365000 | 0 |
| 113 | 2510104 കൃഷി - പച്ചക്കറികൾ | 1133635 | 0 |
| 114 | 2510105 കൃഷി - വാഴ | 50010 | 0 |
| 115 | 2510106 കൃഷി - കിഴങ്ങ് വർഗ്ഗങ്ങൾ | 150000 | 0 |
| 116 | 2510123 കാർഷിക ഉൽപ്പന്നങ്ങൾ/ പ്രാദേശിക ഉൽപ്പന്നങ്ങൾ | 50000 | 0 |
| 117 | 2510131 കാർഷിക വികസനം - പശ്ചാത്തല സൗകര്യങ്ങൾ | 306024 | 0 |
| 118 | 2510132 കൃഷിസംബന്ധമായ സൗകര്യങ്ങൾ | 210000 | 0 |
| 119 | 2510136 കാർഷിക രോഗബാധ | 50000 | 0 |
| 120 | 2510204 മൃഗസംരക്ഷണം - കന്നുക്കുട്ടി | 870000 | 0 |
| 121 | 2510209 മൃഗസംരക്ഷണം - പശ്ചാത്തല സൗകര്യങ്ങൾ | 165000 | 0 |
| 122 | 2510210 മൃഗസംരക്ഷണം - രോഗ നിയന്ത്രണം | 60000 | 0 |

| | | | |
|---|---|---|---|
| 123 | 2510305 ക്ഷീരവികസനം - പാൽ ഇൻസെന്റീവ് | 1400000 | 0 |
| 124 | 2510404 ഉൾനാടൻ മത്സ്യകൃഷി | 40000 | 0 |
| 125 | 2510613 സേവന സംരംഭങ്ങൾ | 240000 | 0 |
| 126 | 2510804 പരിസ്ഥിതി സംരക്ഷണം | 100000 | 0 |
| | ആകെ ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ | 7189669 | 0 |
| | **സേവന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ - 252** | | |
| 127 | 2520102 പ്രൈമറി വിദ്യാഭ്യാസം | 60000 | 0 |
| 128 | 2520107 വിദ്യാഭ്യാസം - അനുബന്ധ പ്രവർത്തനങ്ങൾ | 455000 | 0 |
| 129 | 2520109 പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് മികവിന് പ്രോത്സാഹനം | 1675000 | 0 |
| 130 | 2520111 എസ് എസ് എ ക്കുള്ള വിഹിതം | 100000 | 0 |
| 131 | 2520202 സാക്ഷരതാ തുല്യതാ പരീക്ഷ | 40000 | 0 |
| 132 | 2520502 കല, സംസ്കാരം, സ്പോർട്സ്, യുവജനക്ഷേമം - ഭൗതീക സൗകര്യങ്ങൾ | 30000 | 0 |
| 133 | 2520503 കല, സംസ്കാരം, സ്പോർട്സ്, യുവജനക്ഷേമം - പ്രമോഷൻ | 30000 | 0 |
| 134 | 2520602 ആരോഗ്യ അനുബന്ധ പ്രവർത്തനങ്ങൾ | 215000 | 0 |
| 135 | 2520618 ആരോഗ്യ സ്ഥാപനങ്ങൾ - അലോപ്പതി | 4159369 | 0 |
| 136 | 2520619 ആരോഗ്യ സ്ഥാപനങ്ങൾ - ആയുർവേദം | 1625000 | 0 |
| 137 | 2520620 ആരോഗ്യ സ്ഥാപനങ്ങൾ - ഹോമിയോ | 486490 | 0 |
| 138 | 2520701 കുടിവെള്ളം - വ്യക്തിഗതം | 234200 | 0 |
| 139 | 2520702 കുടിവെള്ളം - പൊതു | 896222 | 0 |

| | | | |
|---|---|---|---|
| 140 | 2520801 ഭവനനിർമ്മാണവും വീട് വൈദ്യുതീകരണവും - വ്യക്തിഗതം | 34096240 | 0 |
| 141 | 2520902 കുട്ടികളുടെ ക്ഷേമ പരിപാടികൾ | 50000 | 0 |
| 142 | 2520903 സ്ത്രീകളുടെ ക്ഷേമം | 505000 | 0 |
| 143 | 2520904 പ്രായമായവരുടെ ക്ഷേമം | 642000 | 0 |
| 144 | 2520905 അഗതികൾക്കുള്ള ക്ഷേമപരിപാടികൾ | 920000 | 0 |
| 145 | 2520906 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ക്ഷേമ പരിപാടികൾ | 1900000 | 0 |
| 146 | 2520908 സാമൂഹ്യ സുരക്ഷാ പരിപാടികൾ | 70000 | 0 |
| 147 | 2521001 അംഗൻവാടി പോഷകാഹാരം | 2200000 | 0 |
| 148 | 2521101 അംഗൻവാടി ഭൗതിക സൗകര്യങ്ങൾ | 1461820 | 0 |
| 149 | 2521102 അംഗൻവാടി അനുബന്ധ സേവനങ്ങൾ | 45000 | 0 |
| 150 | 2521201 തൊഴിൽ ശേഷി വർദ്ധിപ്പിക്കൽ - തൊഴിൽ പരിശീലനം | 200000 | 0 |
| 151 | 2521203 തൊഴിൽ ശേഷി വർദ്ധിപ്പിക്കൽ - അനുബന്ധ പ്രവർത്തനങ്ങൾ | 5200 | 0 |
| 152 | 2521301 ഊർജ്ജ സംരക്ഷണം | 299000 | 0 |
| 153 | 2521401 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 30979 | 0 |
| 154 | 2521601 തദ്ദേശഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തൽ | 195000 | 0 |
| 155 | 2521602 ഐകെഎമ്മിനുള്ള പേയ്മെന്റുകൾ | 60000 | 0 |
| 156 | 2521701 ഘടകസ്ഥാപനങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തൽ | 170000 | 0 |
| 157 | 2521903 പൊതു ശുചിത്വം - അനുബന്ധ പ്രവർത്തനങ്ങൾ | 631172 | 0 |
| 158 | 2521904 ശൗചാലയം (വ്യക്തിഗതം) | 600000 | 0 |

| | | | |
|---|---|---|---|
| 159 | 2521905 ശൗചാലയം (സ്ഥാപനതലം ) | 600000 | 0 |
| 160 | 2522001 പദ്ധതി രൂപീകരണം, നിർവ്വഹണം, മേൽനോട്ടം | 150000 | 0 |
| 161 | 2522201 ദുരന്തനിവാരണം - അനുബന്ധ സേവനങ്ങൾ | 245000 | 0 |
| 162 | 2522305 ഖരമാലിന്യ പരിപാലനം - ശേഖരണവും പരിവഹണവും | 145000 | 0 |
| 163 | 2522309 ഖരമാലിന്യ പരിപാലനം - അനുബന്ധ പ്രവർത്തനങ്ങൾ | 1240000 | 0 |
| 164 | 2522310 ഖരമാലിന്യ പരിപാലനം - ഒഴിവാക്കൽ | 290000 | 0 |
| 165 | 2522314 ഖരമാലിന്യ പരിപാലനം - പ്രോസസ്സിംഗ് - വ്യക്തിഗതം | 1434715 | 0 |
| 166 | 2523201 വിവരവിജ്ഞാനവ്യാപനശേഷി വികസനം | 196590 | 0 |
| | ആകെ സേവന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ | 58388997 | 0 |
| | **അടിസ്ഥാന സൗകര്യ മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ - 253** | | |
| 167 | 2530102 ആഫീസ് വൈദ്യുതീകരണം | 150000 | 0 |
| 168 | 2530302 പൊതു കെട്ടിടങ്ങൾ - മറ്റ് കെട്ടിടങ്ങൾ | 526200 | 0 |
| | ആകെ അടിസ്ഥാന സൗകര്യ മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ | 676200 | 0 |
| | സംസ്ഥാന സ്പോൺസർ ചെയ്ത പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ - 254 | | |
| 169 | 2540102 ഭിന്നശേഷിക്കാരായ ആൾക്കാർക്കുള്ള വീടുകൾ  നടത്തുന്ന സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും ഉള്ള സഹായം | 3729200 | 0 |
| 170 | 2540111 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | 2834400 | 2834400 |

| | | | |
|---|---|---|---|
| 171 | 2540113 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - വിധവ പെൻഷൻ | 11997500 | 12400000 |
| 172 | 2540114 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 422800 | 500000 |
| 173 | 2540115 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 0 | 4000000 |
| 174 | 2540118 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - വാർദ്ധക്യകാല പെൻഷൻ | 31942500 | 32500000 |
| 175 | 2540138 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - സ്ത്രീസുരക്ഷാ പദ്ധതി | 0 | 10000000 |
| | ആകെ സംസ്ഥാന സ്പോൺസർ ചെയ്ത പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ | 50926400 | 62234400 |
| | **മുൻ കാലയളവിലെ ഇനങ്ങൾ - 280** | | |
| 176 | 2808001 മുൻകാല ചെലവുകൾ | 217058 | 50000 |
| 177 | 2808002 മുൻകാല ചെലവുകൾ- സർക്കാരിലേക്കുള്ള ഉപയോഗിക്കാത്ത ഗ്രാന്റുകളുടെ തിരിച്ചടവ് | 200000 | 200000 |
| | ആകെ മുൻ കാലയളവിലെ ഇനങ്ങൾ | 417058 | 250000 |
| | ആകെ റവന്യൂ ചെലവ് | 158691324 | 120824400 |
| | മൂലധനച്ചെലവ് - 4 | | |
| | **നിക്ഷേപങ്ങളുടെ റീഫണ്ട് - 340** | | |
| 178 | 3402006 ഇലക്ഷൻ നിക്ഷേപം (സ്ഥാനാർത്ഥി) | 0 | 80000 |
| 179 | 3408099 മറ്റ് നിക്ഷേപങ്ങൾ സ്വീകരിച്ചത് | 14672 | 25000 |
| | ആകെ നിക്ഷേപങ്ങളുടെ റീഫണ്ട് | 14672 | 105000 |

| | | | |
|---|---|---|---|
| | തിരിച്ചടവുകളുടെ പേയ്മെന്റ് - 350 | | |
| 180 | 3501102 മൊത്തശമ്പളം നൽകാനുള്ളത് | 700000 | 200000 |
| 181 | 3501116 പെൻഷൻ കോ ൺ ട്രിബ്യൂഷൻ അടക്കാനുള്ളത് | 36450 | 40000 |
| 182 | 3501122 അവധി ശമ്പളം നൽകാനുള്ളത് | 200000 | 200000 |
| 183 | 3501301 തൊഴിലുടമയുടെ ബാധ്യതകൾ - പെൻഷൻ കോൺട്രിബ്യൂഷൻ (എൻപിഎസ്) | 32693 | 35000 |
| 184 | 3502002 വസൂലാക്കിയത് ഒടുക്കാനുള്ളവ - കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് | 84500 | 85000 |
| 185 | 3502006 വസൂലാക്കിയത് ഒടുക്കാനുള്ളവ - ഇൻഷുറൻസ് പ്രീമിയം | 7241 | 2000 |
| 186 | 3502007 വസൂലാക്കിയത് ഒടുക്കാനുള്ളവ - കോടതി അറ്റാച്ച്മെന്റുകൾ | 20000 | 1000 |
| 187 | 3502012 വസൂലാക്കിയത് ഒടുക്കാനുള്ളവ - സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് | 12050 | 1000 |
| 188 | 3502014 വസൂലാക്കിയത് ഒടുക്കാനുള്ളവ - ഗ്രൂപ്പ് ഇൻഷുറൻസ് | 10000 | 1000 |
| 189 | 3502018 വസൂലാക്കിയത് ഒടുക്കാനുള്ളവ - ആഡിറ്റ് റിക്കവറി | 692 | 500 |
| 190 | 3502020 വസൂലാക്കിയത് ഒടുക്കാനുള്ളവ - കോൺട്രിബ്യൂട്ടറി പെൻഷൻ | 32693 | 40000 |
| 191 | 3502022 വസൂലാക്കിയത് ഒടുക്കാനുള്ളവ - മെഡിസെപ് - റെഗുലർ | 7000 | 7000 |
| 192 | 3503001 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – ലൈബ്രറി സെസ് | 417873 | 500000 |
| 193 | 3503005 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – റ്റിഡിഎസ് - സിജിഎസ് റ്റി | 3324 | 5000 |
| 194 | 3503006 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – റ്റിഡിഎസ് - എസ് ജിഎസ് റ്റി | 3325 | 5000 |
| 195 | 3503008 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – സിജിഎസ് റ്റി | 18316 | 20000 |

| | | | |
|---|---|---|---|
| 196 | 3503009 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക്  കൊടുക്കേണ്ട തുക – എസ് ജിഎസ് റ്റി | 18316 | 20000 |
| 197 | 3504010 കൊടുക്കാനുള്ള തിരിച്ചടവുകൾ - മറ്റ് ഫീസുകൾ | 46400 | 50000 |
| 198 | 3504018 കൊടുക്കാനുള്ള തിരിച്ചടവുകൾ - ഗ്രാന്റുകളും ഫണ്ടുകളും | 124391 | 150000 |
| 199 | 3508001 കാലാവധി കഴിഞ്ഞ ചെക്കുകൾ സംബന്ധിച്ച ബാധ്യത | 224432 | 300000 |
| | ആകെ തിരിച്ചടവുകളുടെ പേയ്മെന്റ് | 1999696 | 1662500 |
| | **സ്ഥിര ആസ്തികൾ - 410** | | |
| 200 | 4101002 ഗ്രൗണ്ടുകൾ | 224000 | 0 |
| 201 | 4101008 പൊതുകിണർ | 95000 | 0 |
| 202 | 4101009 പൊതുകുളം | 534696 | 0 |
| 203 | 4102002 അഡ്മിനിസ്ട്രേറ്റിവ് ബിൽഡിംഗ്സ് | 4358600 | 0 |
| 204 | 4102008 സ്കൂൾ കെട്ടിടങ്ങൾ | 1045000 | 0 |
| 205 | 4102016 മറ്റ് കെട്ടിടങ്ങൾ | 4389575 | 0 |
| 206 | 4102018 സ്റ്റേഡിയം | 300000 | 0 |
| 207 | 4103001 കോൺക്രീറ്റ് റോഡുകൾ | 3994737 | 0 |
| 208 | 4103002 ബ്ലാക്ക് ടോപ്പ്ഡ് റോഡുകൾ | 10667970 | 0 |
| 209 | 4103012 സൈഡ് വാൾ | 773339 | 0 |
| 210 | 4103302 തെരുവ് വിളക്ക് | 396500 | 0 |
| 211 | 4106001 ആഫീസിലെയും മറ്റുമുള്ള ഉപകരണങ്ങൾ | 27000 | 0 |
| 212 | 4106002 കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ മറ്റ് ഉപകരണങ്ങൾ | 85000 | 0 |

| | | | |
|---|---|---|---|
| 213 | 4107001 ഫർണീച്ചർ, ഉറപ്പിച്ചിരിക്കുന്നവ, ഫിറ്റിംഗ്സ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ | 962530 | 0 |
| 214 | 4108001 മറ്റ് സ്ഥിര ആസ്തികൾ | 3154073 | 0 |
| | ആകെ സ്ഥിര ആസ്തികൾ | 31008020 | 0 |
| | വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ - 460 | | |
| 215 | 4601001 ജീവനക്കാർക്കുള്ള ഉത്സവ മുൻകൂറുകൾ | 105000 | 300000 |
| 216 | 4605003 നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂറുകൾ | 0 | 50000 |
| 217 | 4605005 മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | 1200000 | 2000000 |
| 218 | 4605099 മറ്റുള്ളവർക്കുള്ള മുൻകൂർ | 0 | 100000 |
| | ആകെ വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ | 1305000 | 2450000 |
| | ആകെ മൂലധനച്ചെലവ് | 34327388 | 170217500 |
| | **ആകെ ചെലവ്** | **193018712** | **241041900** |
| | **ആകെ വരവ്** | **183008615** | **247036690** |
| | **ബാലൻസ്** | **7682690** | **5994790** |

# ബഡ്ജറ്റ് 2026-27 ഒറ്റനോട്ടത്തിൽ

## ഫണ്ട് വിഹിതം

| | |
|---|---|
| വികസനഫണ്ട് (ജനറൽ) | -21284000 |
| വികസനഫണ്ട് (എസ്.സി.പി) | - 8107000 |
| മെയിന്റനൻസ് ഫണ്ട് – റോഡ് | - 10354000 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | - 7436000 |

## പ്രതീക്ഷിക്കുന്ന മറ്റ് ഫണ്ട് വരവുകൾ

| | |
|---|---|
| ധനകാര്യകമ്മീഷൻ ഗ്രാൻറ് ബേസിക് | - 26,71500 |
| ധനകാര്യകമ്മീഷൻ ഗ്രാൻറ് ടൈഡ് | - 40,06500 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | - 86 ലക്ഷം |
| ജില്ലാ പഞ്ചായത്ത് വിഹിതം | -96 ലക്ഷം |
| ലൈഫ് മിഷൻ സംസ്ഥാന വിഹിതം | -18 ലക്ഷം |
| ഹഡ്കോ ലോൺ | -25 ലക്ഷം |
| എം.പി ഫണ്ട് | - 1 കോടി |
| എം.എൽ.എ ഫണ്ട് | - 1 കോടി |

## കാർഷികം - പ്രധാന പ്രോജക്ടുകൾ

| | |
|---|---|
| നെൽകൃഷിവികസനം | -28 ലക്ഷം |
| കൃഷിസമൃദ്ധ കവിയൂർ - നടീൽ വസ്തുക്കൾ വിതരണം | -5 ലക്ഷം |
| വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷണം | -4 ലക്ഷം |

## മൃഗസംരക്ഷണമേഖല – പ്രധാന പ്രോജക്ടുകൾ

| | |
|---|---|
| പോത്തുകുട്ടി വളർത്തൽ | -7.55 ലക്ഷം |
| പശുകുട്ടി വളർത്തൽ | - 6.31 ലക്ഷം |
| പെണ്ണാട്ടിൻകുട്ടി വളർത്തൽ | -3.24 ലക്ഷം |
| പാലിന് സബ്സിഡി | -6 ലക്ഷം |

**വിദ്യാഭ്യാസമേഖല- പ്രധാന പ്രോജക്ടുകൾ**

എസ് എസ് എ വിഹിതം - 1 ലക്ഷം

എൽ.പി സ്കൂളുകൾക്ക് ലാപ്ടോപ്പ് - 1ലക്ഷം

ഗവ.എൽപി സ്കൂൾ കവിയൂർ മെയിന്റനൻസ് -5 ലക്ഷം

തോട്ടഭാഗം ഗവ.എൽപി സ്കൂൾ അറ്റകുറ്റപ്പണിയും

അനുബന്ധസൌകര്യവും -2 ലക്ഷം

**പാർപ്പിടം- പ്രധാനപ്രോജക്ടുകൾ**

ലൈഫ് ഭവനം -2.7 കോടി

വീട് വാസയോഗ്യമാക്കൽ - 49 ലക്ഷം

**അംഗൻവാടികൾ, അനുബന്ധസൗകര്യങ്ങൾ - പ്രധാന പ്രോജക്ടുകൾ**

വിവിധവാർഡുകളിലെ അംഗൻവാടി കെട്ടിടങ്ങളുടെ

അറ്റകുറ്റപ്പണിയും അനുബന്ധസൌകര്യവും -18.5

ലക്ഷം

അംഗൻവാടി കലോൽസവം - 50,000

**ആരോഗ്യമേഖല- പ്രധാനപ്രോജക്ടുകൾ**

പാലിയേറ്റീവ് കെയർ -14 ലക്ഷം

എഫ്.എച്ച്.സി അറ്റകുറ്റപ്പണി -14 ലക്ഷം

എഫ്.എച്ച്.സി മരുന്ന് -9ലക്ഷം

ആയുർവ്വേദ ഡിസ്പെൻസറി മരുന്ന് -9 ലക്ഷം

ഹോമിയോ ഡിസ്പെൻസറി ഫർണിച്ചർ -1 ലക്ഷം

**വനിതാക്ഷേമം- പ്രധാനപ്രോജക്ടുകൾ**

സ്വയംതൊഴിൽ -11 ലക്ഷം

വനിതകൾക്ക് ജിംനേഷ്യം -10 ലക്ഷം

വനിതാ കർഷക ഗ്രൂപ്പുകൾക്ക് ധനസഹായം -6 ലക്ഷം

എസ്.സി വനിതകൾക്ക് ഓട്ടോറിഷ വിതരണം - 20.4 ലക്ഷം

**വൃദ്ധജനക്ഷേമം- പ്രധാന പ്രോജക്ടുകൾ**

| | |
|---|---|
| പകൽവീട് | -10 ലക്ഷം |
| വയോജന കലോൽസവം | - 75000 |
| വയോജനങ്ങൾക്ക് സഹായ ഉപകരണം | -20 ലക്ഷം |

**ഭിന്നശേഷി ക്ഷേമം-പ്രധാന പ്രോജക്ടുകൾ**

| | |
|---|---|
| ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | -17 ലക്ഷം |
| ഭിന്നശേഷിക്കാർക്ക് ലാപ്ടോപ്പ് | -50000 |

**കലാസാംസ്കാരികം -പ്രധാന പ്രോജക്ടുകൾ**

| | |
|---|---|
| കേരളോത്സവം | – 1ലക്ഷം |

**കുടിവെള്ളം- പ്രധാന പ്രോജക്ടുകൾ**

| | |
|---|---|
| കുടിവെള്ളവിതരണം | – 3 ലക്ഷം |
| മത്തിമല കുടിവെള്ളപദ്ധതി | -3കോടി |
| വിവിധ വാർഡുകളിൽ കുടിവെള്ളവിതരണത്തിനായി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | -6,48,500/- |

**ദാരിദ്ര്യ ലഘൂകരണം- പ്രധാന പ്രോജക്ടുകൾ**

| | |
|---|---|
| അതിദരിദ്രർക്ക് മരുന്ന് വാങ്ങൽ | 2.25 ലക്ഷം |